# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4788 27.10.2016-ൽ മറുപടിയ്ക്ക്.

**പൂക്കോട്ട് കാവ് - കാട്ടുകളം- മംഗലാംകുന്ന് റോഡ്**

| | ചോദ്യം<br>ശ്രീ.പി.ഉണ്ണി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം പഞ്ചായത്തുകളിൽ ഉൾപ്പെട്ട പൂക്കോട്ട് കാവ് - കാട്ടുകളം - മംഗലാംകുന്ന് റോഡ് തകർന്ന് കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത റോഡ് അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാണോ; | (ബി) | ലഭ്യമായിട്ടില്ല. |
| (സി) | പൂക്കോട്ട്കാവ് - കാട്ടുകളം - മംഗലാംകുന്ന് റോഡ് നവീകരിക്കുന്നതിനായി അടിയന്തരമായി നടപടി സ്വീകരിക്കുമോ; അതിനായുള്ള നിർദ്ദേശങ്ങൾ നൽകുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം പഞ്ചായത്തുകളിൽ ഉൾപ്പെട്ട പൂക്കോട്ട് കാവ് - മംഗലാംകുന്ന് റോഡിന് 4850 മീറ്റർ (പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ 3950 മീറ്റർ, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ 900 മീറ്റർ) നീളമാണുള്ളത്. 2015-16 വർഷത്തിൽ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ ch 1/000 മുതൽ 3/950 കി.മീറ്റർ (2950 മീറ്റർ നീളം വരെ) ഒറ്റപ്പാലം LAC-ADS പദ്ധതിയിലുൾപ്പെടുത്തി ടാറിംഗ് ചെയ്ത് നവീകരിച്ചതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ടി റോഡുമായി ബന്ധപ്പെട്ട് പുതിയ പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ